കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സാക്ഷരം

2020 സെപ്റ്റംബർ വാർത്താപത്രിക



## മഹാമാരിക്കുമുന്നിൽ
## പതറാതെ കേരളം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
# സാക്ഷരം
വാർത്താപത്രിക

ബഹുമാന്യരേ,

വൈറസ് പരത്തുന്ന കോവിഡ്-19 എന്ന മഹാമാരിയോട് ലോകമാകെ പൊരുതുകയാണ്. ഇന്ത്യയിൽ കോവിഡ്-19 ആദ്യമായി ബാധിച്ച സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ, സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമവും പ്രായോഗികവുമായ ഇടപെടൽ ഈ മഹാമാരിയെ നേരിടാൻ നമ്മളെ പ്രാപ്തരാക്കിയിരിക്കുന്നു. കൃത്യമായ ജാഗ്രതയും വിട്ടുവീഴ്ചയുമില്ലാത്ത കരുതലും കേരള സമൂഹത്തിന്റെ ബോധമായി മാറുന്ന വിധത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങൾ ജനങ്ങൾ ഏറ്റെടുക്കുന്നു.

പ്രതിസന്ധിയുടെ ഘട്ടത്തിൽ പതറാത്ത നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും പുലർത്തുന്ന സർക്കാരിന് കീഴിൽ സാക്ഷരതാമിഷനും കടമകൾ നിർവഹിച്ചുവരികയാണ്. മഹാമാരിയുടെ നാളുകളിൽ സാക്ഷരതാമിഷൻ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരമായാണ് ഇത്തവണ 'സാക്ഷരം' പ്രസിദ്ധീകരിക്കുന്നത്.

സ്നേഹത്തോടെ

ഡോ. പി.എസ്.ശ്രീകല
എഡിറ്റർ & ഡയറക്ടർ

എഡിറ്റർ **ഡോ. പി.എസ്.ശ്രീകല, ഡയറക്ടർ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസി. എഡിറ്റർ **ചിത്ര നാരായണൻ**
കവർ & ലേഔട്ട് **എസ്.വി.സനൂപ്**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
'അക്ഷരം' പേട്ട ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന് സമീപം, പേട്ട പി.ഒ., തിരുവനന്തപുരം - 24
saksharamkslma@gmail.com

## കോവിഡ് കാലത്ത് സാക്ഷരതാപ്രവർത്തനങ്ങൾ









**ശാരീരിക അ ക ലം സാമൂഹിക ഒരുമ**

# കോവിഡ്–19 നിർവ്യാപനം

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന

- സാക്ഷരതാമിഷൻ ജീവനക്കാരും പ്രേരക്മാരും പഠിതാക്കളും കോവിഡ്–19 നിർമാർജന പ്രവർത്തനങ്ങൾക്ക് സംഭാവന നൽകി
- സർക്കാരിന്റെ സാലറി ചലഞ്ച് ഏറ്റെടുത്ത് മുഴുവൻ ജീവനക്കാരും ഒരുമാസത്തെ ശമ്പളം സംഭാവന ചെയ്തു
- സാക്ഷരതാമിഷനിലെ കരാർ–ദിവസവേതന ജീവക്കാർ ഉൾപ്പെടെയുള്ളവരുടെ സംഭാവനായി **8,21,451 രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി
- ഏഴ് കരാർ ജീവനക്കാർ ഒരുമാസത്തെ വേതനം പൂർണമായി സംഭാവന ചെയ്തു
- സാക്ഷരതാപ്രേരക്മാർ **14,52,171 രൂപ** ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി
- ആറ് പ്രേരക്മാർ ഓണറേറിയം തുക പൂർണമായി നൽകി



# കോവിഡ്–19 നിർവ്യാപനം

## പ്രേരക്മാർക്ക് കൈത്താങ്ങായി സർക്കാരും സാക്ഷരതാമിഷനും

- ലോക്ഡൗൺ കാലത്ത് പ്രേരക്മാർക്ക് 1,000 രൂപ ആശ്വാസ സഹായമായി നൽകി
- ഓണറേറിയ കുടിശ്ശിക പൂർണമായി നൽകി
- ഓണത്തിന് പ്രത്യേക അലവൻസായി പ്രേരക് മാർക്ക് 1,000 രൂപ നൽകി

Break the chain









ശാരീരിക അ ക ലം സാമൂഹിക ഒരുമ





## കാർത്യായനി അമ്മയുടെ പെൻഷൻ ദുരിതാശ്വാസ നിധിയിലേക്ക്

ഹരിപ്പാട്

അക്ഷരലക്ഷം പുരസ്കാര ജേതാവ് കാർത്യായനിയമ്മ ഒരുമാസത്തെ അഗതി പെൻഷൻ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യും. സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി.എസ് ശ്രീകലയെ കാർത്യായനിയമ്മ ഇക്കാര്യം അറിയിച്ചു. അവരുടെ നിർദ്ദേശാനുസരണം വ്യാഴാഴ്ച ഉദ്യോഗസ്ഥരെത്തി തുക ഏറ്റുവാങ്ങും.

ചരിത്രത്തിലെ ഏറ്റവും വലിയ ദുരിതക്കയത്തിൽ ജനം വലയുമ്പോൾ അവരെ സഹായിക്കുക നമ്മുടെ കടമയാണെന്ന് കാർത്യായനി അമ്മ പറഞ്ഞു. വിവാദങ്ങളുണ്ടാക്കി തടസ്സമുണ്ടാക്കേണ്ട സമയമല്ല. സഹായമെത്തിക്കാൻ സർക്കാർ വല്ലാതെ പ്രയാസപ്പെടുമ്പോൾ സ്ഥിര വരുമാനമുള്ളവരിൽ ചിലർ പോലും പാവപ്പെട്ടവരെ സഹായിക്കാൻ മുന്നോട്ടുവരുന്നില്ല. 98 വയസുള്ള എനിക്ക് ആകെയുള്ള വരുമാനം സർക്കാർ തരുന്ന അഗതി പെൻഷനാണ്. എന്റെ പെൻഷൻ എന്നേക്കാൾ ദുരിതമനുഭവിക്കുന്ന ഒരു കുടുംബത്തിനെങ്കിലും ഉപകാരപ്പെടുമെങ്കിൽ അതൊരു പുണ്യ പ്രവർത്തിയാണ്. അണ്ണാൻ കുഞ്ഞും തന്നാലായതെന്ന പോലെ നമ്മൾ ഓരോരുത്തരും അവരാലാകുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ തയ്യാറാകണമെന്നും കാർത്യായനി അമ്മ പറഞ്ഞു.

കാർത്യായനിയമ്മ





# ദുരിതാശ്വാസ നിധി

## സഹായവുമായി പഠിതാക്കളും

- 105 വയസ്സിൽ സാക്ഷരതാ മിഷന്റെ നാലാംതരം തുല്യതാപരീക്ഷ എഴുതി വിജയിച്ചതിന് രാഷ്ട്രം നാരീശക്തി പുരസ്കാരം നൽകി ആദരിച്ച കൊല്ലം സ്വദേശി ഭാഗീരഥിഅമ്മ അവരുടെ വാർദ്ധക്യ പെൻഷൻ 1,500 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു
- നാരീശക്തി പുരസ്കാര ജേതാവായ കാർത്ത്യായനിയമ്മ പെൻഷൻ തുകയായ 3,000 രൂപ മുഖ്യമന്ത്രിയുടെ ദുരിശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു
- മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ചെല്ലൂർ മൂർദ്ധാവ് കോളനിയിലെ നവചേതന പദ്ധതിയിലെ പഠിതാക്കളും ഇൻസ്ട്രക്ടറും ചേർന്ന് 5,555 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി
- സാക്ഷരതാപഠിതാവ് ഭിന്നശേഷിയുള്ള മിനിയും ഇതിൽ ഉൾപ്പെടുന്നു








# കോവിഡ് നിർവ്യാപനം – ബോധവൽക്കരണ പരിപാടികൾ

- ബ്രേക് ദ ചെയിൻ കാമ്പയിന്റെ ഭാഗമായി ഓൺലൈൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു
- പ്രേരക്മാരും പഠിതാക്കളും ഇൻസ്ട്രക്ടർമാരും ജീവനക്കാരും ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്



ശാരീരിക അ ക ലം സാമൂഹിക ഒരുമ





- വിദ്യാകേന്ദ്രങ്ങളിൽ മാസ്ക് നിർമ്മാണം
- പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ എന്നിവർ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമാണ്
- കമ്യൂണിറ്റി കിച്ചണിലും ക്വാറന്റയിൻ കേന്ദ്രങ്ങളിലും പ്രേരക്മാരും ജീവനക്കാരും സജീവമായി പങ്കെടുക്കുന്നു



# ആദിവാസി മേഖലയിൽ മാസ്ക് വിതരണം

- സാമൂഹ്യ സുരക്ഷാമിഷനുമായി ചേർന്ന് ബ്രേക് ദ ചെയിൻ മൂന്നാം ഘട്ടം – 'ജീവന്റെ വിലയുള്ള ജാഗ്രത' കാമ്പയിൻ ആരംഭിച്ചു
- അട്ടപ്പാടിയിൽ സാമൂഹ്യ സുരക്ഷാമിഷനുമായി ചേർന്ന് 5000 മാസ്കുകളും അട്ടപ്പാടി ആദിവാസി പ്രൊജക്ടുമായി ചേർന്ന് 2000 മാസ്കുകളും വിതരണം ചെയ്തു
- വയനാട് 5000 മാസ്കുകൾ വിതരണം ചെയ്തു





ശാരീരിക അ ക ലം സാമൂഹിക ഒരുമ

## അട്ടപ്പാടി


അഗളി ഗ്രാമപഞ്ചായത്ത്


അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്


ഷോളയൂർ ഗ്രാമപഞ്ചായത്ത്


പുതൂർ ഗ്രാമപഞ്ചായത്ത്

## വയനാട്


വയനാട് ജില്ലയിലെ മാസ്ക് വിതരണോദ്ഘാടനം
എം.എൽ.എ സി.കെ ശശീന്ദ്രൻ നിർവ്വഹിക്കുന്നു

# കോവിഡ് കാലത്ത് സാക്ഷരത–തുല്യത ക്ലാസുകൾ

- ഓൺലൈൻ പഠന സൗകര്യമുള്ള പഠിതാക്കളെയും പഠന സൗകര്യമൊരുക്കാൻ സാധ്യമാകുന്ന പ്രേരക്മാരെയും സർവേയിലൂടെ കണ്ടെത്തി
- കോവിഡ് കാലത്ത് സാക്ഷരതാ തുടർവിദ്യാഭ്യാസ സാധ്യതകൾ എന്ന വിഷയത്തിൽ ഓൺലൈൻ പൊതുജന അഭിപ്രായം തേടി
- കോവിഡ് കാലത്ത് സാക്ഷരതാ തുടർവിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റം സംബന്ധിച്ച റിപ്പോർട്ട് ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന് കൈമാറി






ശാരീരിക അ ക ലം സാമൂഹിക ഒരുമ










- തുടർവിദ്യാഭ്യാസത്തിനും ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി
- പ്രാദേശിക തലത്തിൽ പഠിതാക്കളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിച്ച് പഠനം തടസ്സമില്ലാതെയാക്കി
- വാട്സാപ്പ് ഗ്രൂപ്പുകൾ കോവിഡ് പ്രതിരോധ ബോധവൽക്കരണ പരിപാടിക്കും പ്രയോജനപ്പെടുത്തി
- സംസ്ഥാനതലത്തിൽ 'അക്ഷരം' യൂ ട്യൂബ് ചാനൽ ആരംഭിച്ചു. വിദഗ്ധരായ അധ്യാപകരെ ഉൾപ്പെടുത്തി പത്താംതരം, ഹയർ സെക്കൻഡറി ക്ലാസുകൾ, കോവിഡ് പ്രതിരോധ ബോധവൽക്കരണ വീഡിയോകൾ എന്നിവ നൽകിവരുന്നു
- പാഠപുസ്തകങ്ങളും അക്ഷരകൈരളി മാസികയും സാക്ഷരം വാർത്താപത്രികയും ഓൺലൈനിലൂടെ പ്രസിദ്ധീകരിച്ചു
- പത്താംതരം, ഹയർ സെക്കൻഡറി തുല്യതയ്ക്കായി ഓൺലൈൻ മാതൃകാക്ലാസ് സംഘടിപ്പിച്ചു
- തിരുവനന്തപുരം നഗരസഭയിലെ 100 വാർഡുകളിലെ പഠിതാക്കളെ ഉൾപ്പെടുത്തി പ്രത്യേക വാട്സാപ്പ് ഗ്രൂപ്പ് ആരംഭിച്ചു
- ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് വിദ്യാകേന്ദ്രങ്ങളിൽ പഠന സൗകര്യമൊരുക്കി









ശാരീരിക അ ക ലം സാമൂഹിക ഒരുമ

# കോവിഡ്–19 സാക്ഷരതാമിഷൻ കൈക്കൊണ്ട മറ്റ് കാര്യങ്ങൾ

- കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള ക്രമീകരണങ്ങൾ സാക്ഷരതാ മിഷന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും വിദ്യാകേന്ദ്രങ്ങളിലും സജ്ജമാക്കി
- സമ്പർക്ക പഠനക്ലാസുകൾ താൽക്കാലികമായി നിർത്തിവച്ചു
- പഠിതാക്കൾക്ക് പരീക്ഷാ ഫീസ് അടയ്ക്കുന്ന കാലാവധിക്ക് ഇളവ് അനുവദിച്ചു
- സർട്ടിഫിക്കറ്റ് കോഴ്സ്, സേ പരീക്ഷ എന്നിവ മാറ്റിവച്ചു
- ലോക് ഡൗൺ കാലത്തും ഹയർ സെക്കൻഡറി ഒന്നാം വർഷ പരീക്ഷാ ഫലം പ്രഖ്യാപിച്ചു
- സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ ഓൺലൈനായി സംഘടിപ്പിച്ചു

# കോവിഡ് കാലത്ത് വയനാട് ജില്ലയിലെ സാക്ഷരതാപ്രവർത്തനങ്ങൾ


























# കോവിഡ് കാലത്ത് സാമൂഹ്യ സാക്ഷരതാപ്രവർത്തനങ്ങൾ

- അംബേദ്ക്കർ ജന്മദിനമായ ഏപ്രിൽ 14 ന് വീടുകളിൽ 'ഇന്ത്യ എന്ന റിപ്പബ്ലിക്' പുസ്തകം വായിച്ചു
- ഏപ്രിൽ 18 സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപന വാർഷികത്തോടനുബന്ധിച്ച് സാക്ഷരതയുമായി ബന്ധപ്പെട്ടവർ സാമൂഹ്യ മാധ്യമങ്ങളിലൂടെ അനുഭവങ്ങൾ പങ്കുവച്ചു
- ജൂൺ 5 പരിസ്ഥിതി ദിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ആസ്ഥാന മന്ദിരത്തിലും ജില്ലകളിലും വിദ്യാകേന്ദ്രങ്ങളിലും വീടുകളിലും വൃക്ഷത്തൈകൾ നട്ടു

Break the Chain

ശാരീരിക അ ക ലം സാമൂഹിക ഒരുമ

# ധർമ്മടം പട്ടികജാതി-പട്ടികവർഗ പത്താംതരം തുല്യത പ്രത്യേക പദ്ധതി

- കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 8 പഞ്ചായത്തുകളിലെ മുഴുവൻ പട്ടികജാതി-പട്ടികവർഗക്കാരെയും പത്താംതരം വിജയികളാക്കുന്നതിന് ആരംഭിച്ച പദ്ധതി
- **ഉൾപ്പെടുന്ന പഞ്ചായത്തുകൾ :** മുഴപ്പിലങ്ങാട്, ധർമ്മടം, പെരളശ്ശേരി, കടംബൂർ, പിണറായി, വേങ്ങാട്, അഞ്ചരക്കണ്ടി, ചെമ്പിലോട്
- പദ്ധതിയുമായി ബന്ധപ്പെട്ട ആലോചനായോഗം ബഹു. മുഖ്യമന്ത്രിയുടെ ധർമ്മടം മണ്ഡലം ഓഫീസിൽ ചേർന്നു
- പദ്ധതിയിൽ ഉൾപ്പെട്ട എട്ട് പഞ്ചായത്തുകളിലെ മെമ്പർമാരുടെ യോഗവും സംഘടിപ്പിച്ചു
- പഞ്ചായത്തംഗങ്ങളുടെ മേൽനോട്ടത്തിൽ ഒന്നാം ഘട്ട സർവേ പൂർത്തിയാക്കി
- സർവേ അവലോകന യോഗം പിണറായി പഞ്ചായത്തിൽ ചേർന്നു
- ഒന്നാംഘട്ട സർവേയ്ക്ക് ശേഷം ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. 96 പേർ രജിസ്റ്റർ ചെയ്തു












**‘അക്ഷരം’** യൂ ട്യൂബ് ചാനലിലും
https://www.youtube.com/aksharamyoutubechannel

Edited, Printed & Published by Dr. P.S.Sreekala, Director
Kerala State Literacy Mission Authority, Thiruvananthapuram. Printed at Vision Grafix, TVM. Ph: 0471-2340914